പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2968 — 20/12/2012 ൽ മറുപടിയ്ക്ക്

## പോക്കുവരവ് ചെയ്തു നൽകുന്നതിനുള്ള കാലതാമസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭൂമി ക്രയവിക്രയം ചെയ്യുന്നതിനും പോക്കുവരവ് ചെയ്തു നൽകുന്നതിനും കാലതാമസം വരുന്നതു സാധാരണക്കാരെ ബുദ്ധിമുട്ടിലാക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ചില കേസുകളിൽ റവന്യൂ ഉദ്യോഗസ്ഥർ പോക്കുവരവ് അനുവദിക്കുന്നില്ല എന്ന പരാതി സർക്കാരിൽ ലഭിക്കുന്നുണ്ട്. |
| (ബി) നിലവിലുള്ള ചട്ട പ്രകാരം പോക്കുവരവ് അപേക്ഷ കിട്ടി എത്ര ദിവസത്തിനകം പോക്കുവരവ് ചെയ്തു നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) 1966 ലെ പോക്കുവരവ് ചട്ട പ്രകാരം, പോക്കുവരവ് കേസുകൾ യാതൊരു കാരണവശാലും 4 മാസത്തിൽ കൂടുതൽ തീർപ്പാക്കാതെ മാറ്റി വയ്ക്കാൻ പാടുള്ളതല്ല എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ 02/07/2011 ൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ പ്രകാരം ആധാരം രജിസ്റ്റർ ചെയ്ത ശേഷമുള്ള അപ്പീൽ കാലാവധിയായ ഒരു മാസത്തിനുള്ളിൽ യാതൊരു കാരണവശാലും പോക്കുവരവ് നടത്താൻ പാടുള്ളതല്ല എന്നും നിർദ്ദേശിച്ചിട്ടുണ്ട്. അർഹതയുള്ളതും സബ് ഡിവിഷൻ ഇല്ലാത്തതുമായ ലിസ്റ്റുകൾ അപ്പീൽ കാലാവധി കഴിഞ്ഞുള്ള 7 പ്രവൃത്തി ദിവസത്തിനുള്ളിൽ പോക്കുവരവ് അനുവദിച്ച് തണ്ടപ്പേർ പിടിക്കണം. സബ്ഡിവിഷൻ ആവശ്യമായി വരുന്ന കേസുകളിൽ ഒരാഴ്ചയ്ക്കുള്ളിൽ തന്നെ വില്ലേജാഫീസർ റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട തഹസീൽദാർക്ക് നൽകേണ്ടതും അടുത്ത |

| | | | |
|---|---|---|---|
| | | | ഒരാഴ്ചയ്ക്കുള്ളിൽ തന്നെ അഡീഷണൽ തഹസീൽദാർ പോക്കുവരവ് അനുവദിക്കേണ്ടതുമാണ്. |
| (സി) | സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും പോക്കുവരവ് ചെയ്തു നൽകുന്നതിനുള്ള അപേക്ഷകൾ സമയ ബന്ധിതമായി തീർപ്പു കൽപ്പിക്കുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | സർക്കാരിന്റെ 02/07/2011 ലെ 2589/ഇ3/2010/റവന്യൂ നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ? | (ഡി) | അനുബന്ധമായി നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്